Reg.No.TVM/TC/553/2014

# KERALA SAHAKARANA FEDERATION

Terrace Ladder Building, S.S Kovil Road, Thampanoor, Thiruvananthapuram-695001

Ph:9037180103 | info@sahakaranafederation.org | www.sahakaranafederation.org


KSF/TVM/109/2023

Thiruvananthapuram
02.09.2023

**ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവർകൾ മുമ്പാകെ കേരള സഹകരണ നിയമഭേദഗതി (മൂന്നാം ഭേദഗതിബിൽ 2022) ഭേദഗതി നിർദ്ദേശങ്ങളിൽ നടപ്പിലാകുന്നതിന് പ്രായോഗികമായി ബുദ്ധി മുട്ടുള്ളതും നിയമപരമായി വ്യക്തതയില്ലാത്തതുമായ വ്യവസ്ഥകളിൽ മേൽ കേരള സഹകരണ ഫെഡറേഷന്റെ അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ**

## ഭേദഗതി നിർദ്ദേശങ്ങൾ

**ഫെഡറൽ സഹകരണ സംഘം**
**വകുപ്പ് 2(ib)**

എന്നാൽ ഒന്നിൽ കൂടുതൽ ജില്ലകൾ പ്രവർത്തന മേഖലയായിട്ടുള്ളതും, സംസ്ഥാന സർക്കാർ വ്യക്തികൾ, മറ്റ് സഹകരണ സംഘങ്ങൾ അംഗ ങ്ങളുമായിട്ടുള്ള ഒരു സഹകരണ സംഘം എന്നർത്ഥമാകുന്നു. എന്നാൽ സംഘത്തിലെ വ്യക്തിഗത അംഗങ്ങളുടെ എണ്ണം സംഘത്തിന്റെ മൊത്തം അംഗസംഖ്യയുടെ ഇരുപത്തി അഞ്ച് ശതമാനത്തിൽ അധികരിക്കാൻ പാടുള്ളതല്ല. എന്നാൽ വ്യക്തിഗത അംഗങ്ങളുടെ എണ്ണം സംബന്ധിച്ചുള്ള വ്യവസ്ഥ, 2022 ലെ കേരള സഹ കരണ സംഘം (മൂന്നാം ഭേദഗതി ആക്റ്റ് പ്രാബ ല്യത്തിൽ വരുന്നതിൽ മുൻപ് നിലവിലുണ്ടായി രുന്ന സംഘങ്ങൾക്ക് ബാധകമാകുന്നതല്ല.

## അഭിപ്രായം

മേഖലയിലെ മറ്റ് സഹകരണ സംഘങ്ങളും വ്യക്തികളും കൂടിച്ചേർന്ന് ഫെഡറൽ സഹ: സംഘം ഉണ്ടാകുന്നതിന്റെ ലക്ഷ്യംതന്നെ, വ്യക്തി അംഗങ്ങൾക്ക് മാത്രം പ്രവർത്തിപ്പിച്ച് വിജയിപ്പി ക്കാൻ കഴിയാത്ത പദ്ധതികൾ മറ്റ്, സഹകരണ സംഘങ്ങളുടെ കൂടി സഹകരണത്തോടെ ഇക്കാ ര്യത്തിൽ വയബിൾ ആയ ഫെഡറൽ സഹകര ണസംഘങ്ങൾ ഉണ്ടാക്കുക എന്നതാണ് ഈ വ്യവ സ്ഥക്കൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്. സർക്കാർ ഈ വ്യവസ്ഥ 2000-ൽ കൊണ്ടുവരുമ്പോൾ സഹക രണ മേഖലയിൽ പുതിയ ഒരു ആശയം നടപ്പിലാ ക്കുകയാണ് ചെയ്തത്. ഇപ്രകാരം രൂപീകരിക്കുന്ന ഫെഡറൽ സംഘത്തിൽ വ്യക്തിഗത അംഗങ്ങ ളുടെ എണ്ണം ആകെ അംഗങ്ങളുടെ 25% ൽ അധി കരിക്കരുത് എന്ന വ്യവസ്ഥ ചെയ്തതിലൂടെ ഫെഡറൽ സഹഃസംഘത്തിന്റെ ഉദ്ദേശ ലക്ഷ്യം തന്നെ പരാജയപ്പെടുന്നതാണ്.

ഉദാ: ഒരു 100 അംഗങ്ങൾ ഉള്ള ഒരു ഫെഡറൽ സഹഃ സംഘത്തിൽ 25 അംഗങ്ങൾ മാത്രമേ വ്യക്തി ഗത അംഗങ്ങൾ ആകാവൂ. ബാക്കി 75 സഹഃ സംഘങ്ങൾ, അംഗങ്ങൾ ആകേണ്ടതുണ്ട്. പല സഹഃ സംഘങ്ങളും മറ്റൊരു സഹഃ സംഘ ത്തിൽ അംഗമാകാൻ വിമുഖത കാണിക്കുമ്പോൾ, വ്യക്തിഗത അംഗങ്ങളെ കൂടുതൽ അംഗങ്ങളാക്കേ ണ്ടതുണ്ട്. ആയതിനാൽ വ്യക്തിഗത അംഗങ്ങൾക്ക് നിശ്ചയിച്ച 25% പരിധി എടുത്ത് കളയുകയോ, 25% എന്ന പരിധി വർദ്ധിപ്പിച്ച്, വ്യക്തിഗതഅംഗങ്ങളും സംഘങ്ങളും തമ്മിലുള്ള പരിധി 75: 25 എന്ന അനുപാതത്തിലോ ഉൾപ്പെടുത്തി ഭേദഗതി ചെയ്യ ണമെന്ന് അപേക്ഷിക്കുന്നു.

KERALA SAHAKARANA FEDERATION
THIRUVANANTHAPURAM-1

## 2. Sn. 7(b)

നിർദ്ദിഷ്ട സംഘം ശരിയായ ബിസിനസ്സിൽ വേണ്ട കാര്യങ്ങൾ അനുസരിച്ച് കൊള്ളേണ്ടതാണെന്നും, രജിസ്ട്രാർക്ക് ബോധ്യമായാൽ അദ്ദേഹത്തിന് അപേക്ഷ സ്വീകരിച്ച തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനകം സംഘവും അതിന്റെ ഉപനിയമങ്ങളും രജിസ്റ്റർ ചെയ്യാവുന്നതാണ്.

നിലവിലുണ്ടായിരുന്ന വ്യവസ്ഥ, 151–ാം നമ്പർ 2022 ലെ കേരള സഹകരണസംഘ (മൂന്നാം ഭേദഗതി) ബില്ലിൽ തൊണ്ണൂറ് ദിവസത്തിനുപകരം അറുപത് ദിവസമായി ഭേദഗതി ചെയ്യുന്നതിന് നിർദ്ദേശിക്കുകയും എന്നാൽ സെലക്ട് കമ്മറ്റി പരിശോധിച്ച നിയസഭയിൽ അവതരിപ്പിച്ച ബില്ലിൽ വീണ്ടും അപേക്ഷ ലഭിച്ച് തൊണ്ണൂറ് ദിവസത്തിനകം രജിസ്റ്റർ ചെയ്തു നൽകണമെന്നാണ് ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളത്.

---

## 7 (c) പുതിയ വ്യവസ്ഥ

നിർദ്ദിഷ്ട വായ്പാസംഘങ്ങൾ, ഏറ്റവും കുറവ് ഓഹരി മൂലധനമായി രണ്ടരലക്ഷം രൂപ സമാഹരിക്കുകയും വായ്പേതര സഹകരണസംഘങ്ങൾ ഒരു ലക്ഷം രൂപ സമാഹരിക്കുകയും ചെയ്താൽ, അപേക്ഷ ലഭിച്ച് അറുപതി ദിവസത്തിനകം സംഘവും ബൈലായും രജിസ്റ്റർ ചെയ്ത നൽകാവുന്നതാണ്, എന്ന നിർദ്ദിഷ്ടവ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 7(1) (സി–)യിൽ 90 ദിവസത്തിനകം രജിസ്റ്റർ ചെയ്തുനൽകണമെന്നും 7(1) (എഫ്)ൽ അറുപത് ദിവസത്തിനകം രജിസ്റ്റർ ചെയ്യണമെന്നുമുള്ള വ്യവസ്ഥകൾ പരസ്പര വിരുദ്ധമാകയാൽ, 90 ദിവസമെന്നോ, 60 ദിവസമെന്നോ ഏകീകരിക്കാവുന്നതാണ്.

---

## വകുപ്പ് 14 (എഎ)

### 3. നിലവിലില്ല

അനുബന്ധ സ്ഥാപനങ്ങളിലെ ഓഹരി മൂലധനം, സംഘത്തിന്റെ അറ്റാദായത്തിൽ നിന്ന് കണ്ടെത്തേണ്ടതും അനുബന്ധ സ്ഥാപനങ്ങളിൽ സംഘം / ബാങ്കിൽ നിന്ന് ഓഹരി മൂലധനം ഒഴികെയുള്ള ഏതൊരു അധിക നിക്ഷേപവും രജിസ്ട്രാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി വായ്പയായി അനുവദിക്കേണ്ടതാണ്.

KERALA SAHAKARANA FEDERATION
THIRUVANANTHAPURAM-1

ഒരു സംഘത്തിന്റെ പ്രവൃത്തനം വിപുലീകരിക്കുന്നതിനും, സംഘം ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾക്ക് ഒരു സബ്സിഡിയറി സ്ഥാപനം ആരംഭിക്കുന്നതിന് മൂലധനം, അറ്റാദായത്തിൽ നിന്ന് കണ്ടെത്തണമെന്ന നിർദ്ദിഷ്ട വ്യവസ്ഥ അപ്രായോഗികമാണ്.

ഉദ: ആരോഗ്യ, ടൂറിസം, മേഖലകളിൽ ആരംഭിക്കുന്ന അനുബന്ധ പ്രവർത്തനങ്ങൾക്ക് അറ്റാദായത്തിൽ നിന്ന് ഓഹരി തുക കണ്ടെത്തണമെന്ന നിർദ്ദേശം അംഗീകരിച്ചാൽ, 1(ഒരു) ലക്ഷം രൂപ അറ്റാദായമുള്ള സംഘത്തിന് ഒരു കമ്പനിയോ, പാർട്ണർഷിപ്പ്, സ്ഥാപനമോ ആരംഭിക്കുന്നതിന്, അറ്റാദായത്തിൽ നിന്ന് മൂലധനം മാറ്റുന്നത് പ്രായോഗികമല്ല. ആയതിനാൽ സംഘത്തിന്റെ ഫണ്ടിൽ നിന്നും മൂലധനം കണ്ടെത്താവുന്നതും, അറ്റാദായത്തിൽ നിന്ന് കണ്ടെത്തണമെന്ന വ്യവസ്ഥ ഭേദഗതി ചെയ്യാവുന്നതാണെന്നും അഭിപ്രായപ്പെടുന്നു.

---

## വകുപ്പ് 14 എഎ (5)

രജിസ്ട്രാർ അനുബന്ധ സ്ഥാപനങ്ങളുടെ രേഖകളുടെ ആഡിറ്റ്, പരിശോധന ഒത്തു നോക്കൽ

അനുബന്ധ സ്ഥാപനങ്ങൾ വ്യത്യസ്ത നിയമങ്ങൾ പ്രകാരമാണ് രജിസ്റ്റർ ചെയ്യുന്നത്. ഉദാ: 2013 ലെ ഇന്ത്യൻ കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്ത

KERALA SAHAKARANA FEDERATION

എന്നിവ നിർണ്ണയിക്കപ്പെട്ട പ്രകാരം നടത്തേണ്ട താണ്.

ഒരു കമ്പനിയുടെ ആഡിറ്റ് എങ്ങനെയാണ് സഹ കരണ രജിസ്ട്രാർ നടത്തുക? കമ്പനി നിയമ ത്തിലെ വ്യവസ്ഥകൾ അനുസരിച്ച് മാത്രമെ ആഡിറ്റ് നടത്താൻ കഴിയൂ. ആയതിനാൽ ആഡിറ്റ്, പരിശോധന, തുടങ്ങിയവ രജിസ്ട്രാർ നടത്തണ മെന്ന വ്യവസ്ഥ നിയമവിരുദ്ധമാകയാൽ ഒഴിവാ ക്കണമെന്ന് താൽപര്യപ്പെടുന്നു.

എന്നാൽ സംഘം അനുബന്ധ സ്ഥാപനങ്ങളി ലേക്ക് നൽകിയ പണത്തിന്റെ വിനിയോഗം ബോധ്യപ്പെടുത്തണമെന്നും ആയതിനാൽ ആവ ശ്യമായ രേഖകൾ സംഘം നൽകണമെന്നും വ്യവസ്ഥ ചെയ്യാവുന്നതാണ് എന്ന് അഭിപ്രായപ്പെ ടുന്നു.

---

**വകുപ്പ് 14 എഎ (6)**

സംഘം/ ബാങ്കിൽ നിന്നും അനുബന്ധ സ്ഥാപ നങ്ങൾക്ക് ഏതെങ്കിലും ഓഹരി മൂലധനം വിഹി തമോ, സാമ്പത്തിക സഹായമോ നൽകുന്നത്, ബന്ധപ്പെട്ട സംഘം / ബാങ്കിന്റെ പൊതുയോഗം പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അനുമതിയോടെ ആയിരിക്കേണ്ടതാണ്.

സംഘം ആരംഭിച്ച അനുബന്ധ സ്ഥാപനത്തിൽ തുക നൽകാൻ രജിസ്ട്രാറുടെ അംഗീകാരം വേണ മെന്ന വ്യവസ്ഥ പുന:പരിശോധിക്കണം. ഓരോ തവണയും ഓഹരിവിഹിതമോ, മൂലധന വിഹി തമോ നൽകുന്നതിന് ഇടയ്ക്കിടെ പൊതുയോഗം വിളിച്ചു ചേർക്കേണ്ടിവരും. ആയത് അംഗീകരി ച്ചാൽ തന്നെ രജിസ്ട്രാറുടെ അനുവാദം ലഭിക്കു ന്നതിന് ഒരു സമയപരിധി, നിർമ്മിക്കുന്നത്

ഉദാ: പരമാവധി രണ്ട് മാസം തിട്ടപ്പെടുത്തുന്നത് ഉചിതമായിരിക്കും.

---

**വകുപ്പ് 14 എഎ (7)**

അനുബന്ധ സ്ഥാപനങ്ങൾക്ക് ഫണ്ട് കൈമാറു ന്നതും സ്വത്തുക്കൾ പാട്ടത്തിൽ/ വാടകയ്ക്ക് നൽകുന്നതും ഹോൾഡിംഗ് സൊസൈറ്റി/ ബാങ്കിന്റെ പൊതുയോഗം പാസ്സാക്കുന്ന പ്രമേയ ത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻകൂ ട്ടിയുള്ള അനുമതിയോടെ ആയിരിക്കേണ്ടതാണ്.

അനുബന്ധ സ്ഥാപനങ്ങൾക്ക്, ഫണ്ട് കൈമാറു ന്നതും സ്വത്തുക്കൾ പാട്ടത്തിന്/ വാടകയ്ക്ക് നൽകുന്നതും പൊതുയോഗത്തിന്റെ തീരുമാന ത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻകൂ ട്ടിയുള്ള അനുമതിയോടെ ആയിരിക്കേണ്ടതാണ് എന്ന വ്യവസ്ഥ ഒഴിവാക്കേണ്ടതാണ്. സഹസംഘ ത്തിന്റെ സ്വന്തം ഫണ്ട് വിനിയോഗിക്കുന്ന കാര്യ ത്തിൽ സർക്കാരിന്റെ പങ്ക് എന്താണെന്ന് മനസ്സി ലാകുന്നില്ല. സഹ: സംഘങ്ങളുടെ കാര്യങ്ങൾ നിയ ന്ത്രിക്കുന്നത് ഐ.എ.എസ് ഉദ്യോഗസ്ഥനായ സഹ: സംഘം രജിസ്ട്രാർ ആണ്. ടി, ഐ.എ.എസ് ഉദ്യോ ഗസ്ഥനെ മറികടന്ന് സർക്കാരിന്റെ അനുവാദം വാങ്ങണമെന്ന അവസ്ഥ ഉചിതമാണെന്ന് കാണു ന്നില്ല. ആയത് ഒഴിവാക്കേണ്ടതും, രജിസ്ട്രാറുടെ അനുമതി മതിയെന്ന് ഭേദഗതി ചെയ്യണമെന്നും അഭിപ്രായപ്പെടുന്നു.

മാത്രമല്ല അപ്രകാരം അനുമതി പോലും സർക്കാ രിന്റെ ഓഹരി മൂലധനമോ, സാമ്പത്തിക സഹാ യമോ ലഭിച്ച സഹകരണ സ്ഥാപനങ്ങൾക്കായി നിജപ്പെടുത്തുകയും, അനുവാദം രജിസ്ട്രാർ

KERALA SAHAKARANA FEDERATION
KERALA SAHAKARANA FEDERATION THIRUVANANTHAPURAM-1

നൽകുന്നതിനും വ്യവസ്ഥ ഉണ്ടാകണമെന്ന് താൽപര്യപ്പെടുന്നു.

---

**വകുപ്പ് 14 എഎ (9)**

2023 ലെ കേരള സഹ:നിയമം (ഭേദഗതി) നിയമം പ്രാബല്യത്തിൽ വന്നാൽ പുതുതായി ഒരു സബ്സിഡിയറി സ്ഥാപനത്തെയും പ്രൊമോട്ട് ചെയ്യാൽ/ പ്രോത്സാഹിപ്പിക്കാൻ പാടില്ലെന്നും, നിലവിലുള്ള സബ്സിഡിയറി സ്ഥാപനങ്ങൾക്ക് വകുപ്പ് 14 എഎ (1) മുതൽ 8 വരെയുള്ള വകുപ്പുകൾക്ക് വിധേയമായി പ്രവൃത്തിക്കാമെന്നും വ്യവസ്ഥ ചെയ്യുന്നു.

മറ്റ് സംസ്ഥാനങ്ങളിലെയും, മൾട്ടിസ്റ്റേറ്റ് സഹ:നിയമത്തിലും സബ്സിഡിയറി സ്ഥാപനങ്ങൾ ആരംഭിക്കാൻ വ്യവസ്ഥയുണ്ടായിരിക്കുകയും, സ്ഥാപനങ്ങൾ ആരംഭിക്കുകയും പ്രവൃത്തനം നടന്നു വരികയുമിരിക്കുന്ന, ഈ കാലയളവിൽ സഹകരണ രംഗത്ത് സംസ്ഥാനം ഒന്നാമതാണെന്നും, മികച്ച പ്രവൃത്തനമാണ് സഹകരണ മേഖലയിലെന്നും കണക്കാക്കുകയും അപ്രകാരം സർക്കാർ വിലയിരുത്തുകയും ചെയ്യുമ്പോൾ, ആയതിനെ പ്രോത്സാഹിപ്പിക്കേണ്ടെന്നും, പ്രൊമോട്ടു ചെയ്യേണ്ടതില്ല എന്നും വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുള്ളത്, സഹകരണ മേഖലയ്ക്ക് ഗുണപരമല്ല. മൾട്ടിസ്റ്റേറ്റ് സഹകരണ നിയമപ്രകാരമുള്ള സംഘങ്ങൾ കേരളത്തിൽ വ്യാപകമായി രജിസ്റ്റർ ചെയ്തുകൊണ്ടിരിക്കെ, ഇപ്രകാരമുള്ള വ്യവസ്ഥകൾ മേഖലയ്ക്ക് ഗുണകരമല്ലെന്ന് കാണുന്നു.

---

**വകുപ്പ് 14 ബി (2)**

പാർട്ണർഷിപ്പ് നിയമപ്രകാരം, രണ്ട് സംഘങ്ങൾ തമ്മിൽ പാർട്ണർ ഷിപ്പ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് പൊതുയോഗം അംഗീകരിച്ചാൽ ആയത് രജിസ്ട്രാർ മുഖേന സർക്കാരിന് സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

പാർട്ണർഷിപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 2 സഹ:സംഘങ്ങളുടെ പൊതുയോഗം അംഗീകരിച്ച പ്രോജക്ട് റിപ്പോർട്ട് ടി പാർട്ണർഷിപ്പ് ആരംഭിക്കാനുള്ള അംഗീകാരത്തിന് സർക്കാരിന് സമർപ്പിക്കണമെന്ന വ്യവസ്ഥ മേഖലയ്ക്ക് ഗുണകരമല്ലാത്തതിനാൽ ഒഴിവാക്കണമെന്ന് അഭിപ്രായപ്പെടുന്നു.

---

**വകുപ്പ് 28 (2എ)**

ബൈലായിൽ എന്തുതന്നെയായിരുന്നാലും ഒരു സംഘത്തിലെ ഡയറക്ടർ ബോർഡിലെ യാതൊരംഗത്വത്തിനും തുടർച്ചയായ രണ്ട് കാലയളവിൽ കൂടുതൽ കമ്മറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

KERALA SAHAKARANA FEDERATION
THIRUVANANTHAPURAM-1

സംഘത്തിലെ ഭരണസമിതി അംഗം രണ്ട് ടേമിൽ കൂടുതൽ തുടർച്ചയായ കാലയളവിൽ ഭരണസമിതി അംഗമാകുന്നതിന് വിലക്ക് ഏർപ്പെടുത്തണ ഭേദഗതി നിർദ്ദേശം ഇന്ത്യയിലെ മറ്റൊരുസംസ്ഥാനത്തിലെയും സഹ:നിയമത്തിലും, മാൾട്ടിസ്റ്റേറ്റ് സഹകരണനിയമത്തിലും നിലവില്ലില്ലാത്ത വ്യവസ്ഥയാണ്.

ജനാധിപത്യ സംവിധാനത്തിലൂന്നിയാണ്, സഹ: സംഘങ്ങൾ പ്രവൃത്തിക്കുന്നത്. എന്നാൽ സമാന വ്യവസ്ഥിതിയിൽ പ്രവൃത്തിക്കുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലൊന്നും ഇല്ലാത്ത വ്യവസ്ഥ, സംസ്ഥാനത്തിലെ സഹ:മേഖലയ്ക്ക് ഊർജം പകരുന്നതിനുപകരം, തകർച്ചയിലേക്ക് നയിക്കും എന്ന് കാണുന്നു.

കേരള സഹ:നിയമത്തിൽ 1981(6/1/81) ന് മുൻപ് നിലവിലിരുന്ന വ്യവസ്ഥ പ്രകാരം തുടർച്ചയായി രണ്ട് തവണ ഭരണസമിതി അംഗമായിരുന്നാൽ, സഹ:സംഘം രജിസ്ട്രാറുടെ ഇളവനുവാദത്തോ

ടുകൂടിയേ അടുത്ത തവണ, ഭരണ സമിതി അംഗമായി തുടരാൻ കഴിയുകയിരുന്നുള്ളൂ. ടി ചട്ടം 6/1/81 ലെ വിജ്ഞാപന പ്രകാരം ഭേദഗതി ചെയ്തിരുന്നു. ടി വ്യവസ്ഥ ജനാധിപത്യ വിരുദ്ധമാണെന്നും സംഘങ്ങളുടെ വളർച്ചയ്ക്ക് തടസ്സമാണെന്നും സഹകാരികളിൽ നിന്ന് അഭിപ്രായമുയർന്ന സാഹചര്യത്തിലുമാണ് ടി വ്യവസ്ഥ അന്ന് ഭേദഗതി ചെയ്തത്. വീണ്ടും 42 വർഷത്തിനുശേഷം, ടി വ്യവസ്ഥ മറ്റൊരു രൂപത്തിൽ കൊണ്ടു വരുന്നത് സഹകരണ മേഖലയ്ക്ക് ഗുണപരമല്ലെന്ന് കാണുന്നു. മാത്രമല്ല വോട്ടവകാശമുള്ള അംഗത്തിന് സംഘം ഭരണസമിതിയിലേക്ക് മത്സരിക്കുന്നതിനും, തിരഞ്ഞെടുക്കപ്പെടുന്നതിനും അവസരം നിഷേധിക്കുന്നത് ഒരു കാരണവശാലും സഹകരണ മേഖലയ്ക്ക് ഗുണം ചെയ്യില്ലെന്ന് ബോധിപ്പിക്കുന്നു.

---

**വകുപ്പ് 32 (4)**

സഹ:സംഘം ഭരണസമിതിയെ പിരിച്ചുവിടുകയും അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയെ നിയമിക്കുകയും ചെയ്യുമ്പോൾ ടി അഡ്മിനിസ്ട്രേറ്റർക്ക് അംഗത്വം നൽകുന്നതിനുള്ള അധികാരം നൽകുന്നതും അപ്രകാരം അഡ്മിനിസ്ട്രേറ്റർ നൽകുന്ന അംഗത്വം തിരഞ്ഞെടുക്കപ്പെട്ട കമ്മറ്റി സാധൂകരിക്കുന്നതു സംബന്ധിച്ചും.

32–ാം വകുപ്പ് പ്രകാരം പിരിച്ചുവിടുന്ന ഭരണസമിതിയ്ക്ക് പകരം അഡ്മിനിസ്ട്രേറ്റർ, അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി എന്നിവരെ നിയമിക്കുകയും അവർക്ക് അംഗത്വം നൽകുന്നത് ഉൾപ്പെടെയുള്ള അധികാരം നൽകുന്നത് പുന:പരിശോധിക്കണം. ക്രമക്കേടുകൾ/ദുർഭരണം തുടങ്ങിയ കാരണം പിരിച്ചുവിട്ട ഭരണസമിതിക്ക് പകരം വരുന്ന, അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയുടെ പരമമായ കർത്തവ്യം ടി ക്രമക്കേടുകൾ പരിഹരിക്കുകയും അതോടൊപ്പം ഭരണ സ്തംഭനം ഒഴിവാക്കുകയും ചെയ്യുക എന്നതാണ്. ടി സമിതിക്ക് അംഗത്വം നൽകുന്നതിന് അധികാരം നൽകുന്നത് ഉചിതമല്ല. മാത്രമല്ല അംഗത്വം ലഭിക്കുന്ന ആൾക്ക് അംഗങ്ങളുടെ വോട്ടവകാശമുൾപ്പെടെയുള്ള അവകാശങ്ങൾ ലഭിക്കുന്നില്ല. 32 പ്രകാരം നിയമിക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിക്ക് വായ്പ എടുക്കുന്നതിന് അപേക്ഷ സമർപ്പിക്കുമ്പോൾ വായ്പ അനുവദിക്കുന്നതോടൊപ്പം മാത്രം അംഗത്വം നൽകുന്നതിന് വ്യവസ്ഥ ചെയ്ത് ഭേദഗതി ചെയയുന്നത് പരിഗണിക്കാവുന്നതാണ്. മാത്രമല്ല നോമിനൽ അംഗങ്ങൾക്ക്, ക്രഡിറ്റ് സൗകര്യങ്ങൾ ഉൾപ്പെടെ വിവിധ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് സാദ്ധ്യമാകും വിധം വകുപ്പ് 18(1) ൽ ഭേദഗതി, വരുത്തുന്ന സ്ഥിതിക്ക് നോമിനൽ അംഗങ്ങളാകുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തി 'A' ക്ലാസ് അംഗത്വം നൽകന്നത് ഒഴിവാക്കി ഭേദഗതി ചെയ്യണമെന്ന് അഭിപ്രായപ്പെടുന്നു.

---

### വകുപ്പ് 33 (2)

അഡ്മിനിസ്ട്രേറ്റർമാർക്ക് (വകുപ്പ് 33 പ്രകാരം) അംഗത്വം നൽകുന്നതിന് അധികാരം നൽകുന്നതിനുള്ള വ്യവസ്ഥ സംബന്ധിച്ച്.

അഡ്മിനിസ്ട്രേറ്റർ അംഗത്വം നൽകാനും, അപ്രകാരം അംഗത്വം നൽകുന്നവരുടെ അംഗത്വം തിരഞ്ഞെടുക്കപ്പെടുന്ന പുതിയ ഭരണസമിതിസാധൂകരിക്കണമെന്ന വ്യവസ്ഥയും ഒഴിവാക്കാവുന്നതാണ്. വായ്പ എടുക്കുന്ന ആവശ്യത്തിലേക്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിക്ക് വായ്പ നൽകാം എന്നതാണ് രജിസ്ട്രാറുടെ നിലവിലുള്ള സർക്കുലർ പ്രകാരം ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ കേരള സഹ:നിയമം 18(1) ൽ വരുത്തുന്ന ഭേദഗതിയിൽ നോമിനൽ അംഗങ്ങൾക്കും ക്രെഡിറ്റ് സൗകര്യങ്ങൾ നൽകാമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ നോമിനൽ അംഗത്വം നൽകി വായ്പാ സൗകര്യങ്ങൾ നൽകാമെന്നതിനാൽ, ഈ ഭേദഗതി ഒഴിവാക്കണമെന്ന് അഭിപ്രായപ്പെടുന്നു. വായ്പ ആവശ്യമായവർക്ക് നോമിനൽ അംഗത്വം നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

---

### വകുപ്പ് 57 (e)

സഹകരണ പുനരുദ്ധാരണ പദ്ധതി– പ്രവർത്തനരഹിത സഹഃസംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള സാമ്പത്തിക സഹായം.

പ്രവർത്തനരഹിതമായ സംഘങ്ങളുടെ പുനരുദ്ധാരണത്തിന്, ഓരോ സംഘങ്ങളുടെയും പേരിൽ നിക്ഷേപിച്ചിട്ടുള്ള 50% റിസർവ് ഫണ്ടും, അഗ്രികൾച്ചറൽ ക്രെഡിറ്റ് സ്റ്റെബിലൈസേഷന്റെ 50% ഉം പ്രത്യേക പുനരുദ്ധാരണ ഫണ്ടിലേക്ക് മാറ്റുന്നതിനാണ് നിർദ്ദിഷ്ട ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

ഓരോ സംഘത്തിന്റെയും റിസർവ് ഫണ്ട് ലാഭത്തിൽനിന്ന് വകമാറ്റി, സംഘത്തിന്റെ ബിസിനസ്സ് ആവശ്യത്തിന് വിനിയോഗിക്കുന്നതിനാലാണ് ചട്ടത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളത്. റിസർവ്വ് ഫണ്ടിന്റെ ഉദ്ദേശലക്ഷ്യവും അപ്രകാരം തന്നെയാണ്. എന്നാൽ ഇതിന് വിരുദ്ധമായ 50% പ്രത്യേക പുനരുദ്ധാരണപദ്ധതിയിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിന് നിയമാനുസൃതമല്ല. അപ്രകാരം തന്നെയാണ് അഗ്രികൾച്ചറൽ ക്രെഡിറ്റ് സ്റ്റബിലൈസേഷൻ ഫണ്ടിൽ നിന്നുള്ള തുകയും മാറ്റുന്നത്. ഇപ്രകാരം ഓരോ സംഘത്തിന്റെ പ്രവർത്തനത്തിന്റെയും ഫലമായി ലാഭം ഉണ്ടാകുകയും , ടി ലാഭത്തിൽ നിന്ന് റിസർവ് ഫണ്ടിലേക്കും അഗ്രികൾച്ചറൽ ക്രെഡിറ്റ് സ്റ്റെബിലൈസേഷൻ ഫണ്ടിലേക്കും വകമാറ്റിയ തുകയും ഏകപക്ഷീയമായി പുനരുദ്ധാരണ നിധിയിലേക്ക് വകമാറ്റുന്ന നടപടി ശരിയല്ല. മേൽ തുകകൾ അതാതു സംഘങ്ങളുടെ പേരിൽ നിലവിലുള്ളതുപോലെ നിലനിർത്തുകയും അതാതു ടി സംഘങ്ങളുടെ ബിസിനസ്സിനു വേണ്ടി വിനിയോഗിക്കാനും നിലവിലുള്ള വ്യവസ്ഥ അപ്രകാരം തന്നെ നിലനിർത്തേണ്ടതാണ്. ടി തുകകൾ

KERALA SAHAKARANA FEDERATION ★ THIRUVANANTHAPURAM-1 ★

| | |
|---|---|
| | പുനരുദ്ധാരണനിധിയിലേക്ക് വകമാറ്റുന്ന നടപടി നിയമാനുസൃതമല്ല. ലാഭവിഭജനവേളയിൽ 1% തുക നിധിയിലേക്ക് വകയിരുത്തിയാൽ മതിയാകുമെന്നും, അഭിപ്രായപ്പെടുന്നു. |
| **വകുപ്പ് 66(c)**<br>(2) ക്രെഡിറ്റ് ഇടപാടുകൾ/ വായ്പാ ഇടപാടുകളെ സംബന്ധിച്ച് ചീഫ് എക്സിക്യൂട്ടീവ് ക്വാർട്ടർലി റിട്ടേൺ ഫയൽ ചെയ്യണമെന്നും ആയത് ഫയൽ ചെയ്യാതിരുന്നാൽ 10000/- രൂപ പിഴ ഇടാക്കുമെന്നുമുള്ള വ്യവസ്ഥ. | ക്വാർട്ടർലി റിട്ടേൺ രജിസ്ട്രാർ അവലോകനം ചെയ്യുമെന്നും റക്ടിഫിക്കേഷൻ റിപ്പോർട്ട് രജിസ്ട്രാർക്ക് നൽകണമെന്നും വ്യവസ്ഥചെയ്തിരിക്കുന്നു. അവലോകനത്തിനും റക്ടിഫിക്കേഷൻ റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഒരു സമയപരിധി നിശ്ചയിക്കേണ്ടതുണ്ട്. അല്ലാതെ സംഘങ്ങൾ യഥാസമയം സമർപ്പിക്കുന്ന റിട്ടേണുകൾ പരിശോധിച്ച് 1 മാസത്തിനകം പരിശോധിച്ച് സഹകരണ വകുപ്പും റിവ്യൂ റിപ്പേർട്ട് നൽകാൻ വ്യവസ്ഥചെയ്യണമെന്ന അഭിപ്രായപ്പെടുന്നു. എപ്പോഴെങ്കിലും റിവ്യൂറിപ്പോർട്ട് നൽകുന്നത് മൂലം യാതൊരു പ്രയോജനവും സംഘത്തിന് ഉണ്ടാകില്ല. റിവ്യു റിപ്പോർട്ട് ഒരു മാസത്തിനകം നൽകാൻ കഴിഞ്ഞില്ലെങ്കിൽ പിഴ ഒഴിവാക്കാനും വ്യവസ്ഥയുണ്ടാകണം എന്നും അഭിപ്രായപ്പെടുന്നു. |
| **വകുപ്പ് 66 A**<br>സഹഃസംഘത്തിന്റെ പുനരുദ്ധാരണത്തിനും പുനഃസംഘടനയ്ക്കും ഉള്ള സംഘങ്ങളുടെ പുനരുദ്ധാരണ സ്കീം തയ്യാറാക്കാനും, സർക്കാർ നയങ്ങൾ നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തി 66Aൽ നിർദ്ദിഷ്ട ഭേദഗതി വരുത്തിയിട്ടുണ്ട്. | സഹഃസംഘങ്ങളുടെ പുനരുദ്ധാരണവും പുനഃസംഘടനയും, സ്കീം തയ്യാറാക്കാനും സർക്കാർ നയം നടപ്പിലാക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് വ്യവസ്ഥചെയ്യുന്ന ഭേദഗതിയിൽ സഹഃസംഘം രജിസ്ട്രാറെ ഒഴിവാക്കി, സർക്കാരിനെ അധികാരപ്പെടുത്തുന്ന ഭേദഗതി ഒഴിവാക്കണമെന്ന് അഭിപ്രായപ്പെടുന്നു. |
| **വകുപ്പ് 70(6)**<br>ആർബിട്രേഷൻ കേസുകളിൽ 1 വർഷത്തിനകം അവാർഡ് പാസ്സാക്കണം എന്ന് നിർദ്ദിഷ്ട ഭേദഗതി | ഭേദഗതി ഉചിതമാണ്. എന്നാൽ 1 വർഷത്തിനകം പാസ്സാകാതിരുന്നാൽ ടീ ആർബിട്രേഷൻ കേസിന്റെ അവസ്ഥയും 1 വർഷത്തിനുശേഷമാണ് അവാർഡ് പുറപ്പെടുവിക്കുന്നതെങ്കിൽ അത്തരം അവാർഡിന് നിയമ സാധുത ഉണ്ടോ എന്നും പരാമർശിച്ചിട്ടില്ല. ആയതും വ്യവസ്ഥപ്പെടുത്തേണ്ടതാണ് എന്ന് അഭിപ്രായപ്പെടുന്നു അല്ലെങ്കിൽ കാലഹരണവാദം ഉണ്ടായേക്കാം. |
| **വകുപ്പ് 73 (2A)**<br>ലിക്വിഡേഷൻ 3 വർഷത്തിനകം തീർക്കണമെന്ന വ്യവസ്ഥ 2 വർഷ മായി ചുരുക്കി കൊണ്ടുള്ള നിർദ്ദിഷ്ട ഭേദഗതി. | 2 വർഷം അപര്യാപ്തമാണ്. കാരണം ലിക്വിഡേഷൻ നടപടികൾക്ക്, പ്രത്യേക ഉദ്യോഗസ്ഥനില്ലാത്തതിനാൽ നിശ്ചിതസമയപരിധിക്കകം തീർപ്പ് കൽപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ നിലവിലുള്ള 3 വർഷം തന്നെ നിലനിർത്തുന്നതാണ് ഉചിതമെന്ന് അഭിപ്രായപ്പെടുന്നു. |

KERALA SAHAKARANA FEDERATION
KERALA SAHAKARANA FEDERATION THIRUVANANTHAPURAM-1

**വകുപ്പ് 73 (2A)**

2 വർഷത്തിനകം ലിക്വിഡേഷൻ നടപടികൾ പൂർത്തിയായില്ലെങ്കിൽ, രജിസ്ട്രാർ മുഖേന സർക്കാരിലേക്ക് എഴുതി സർക്കാർ ലിക്വിഡേഷൻ നടപടികൾ അവസാനിപ്പിക്കുന്നതു സംബന്ധിച്ച്.

ലിക്വിഡേഷൻ നടപടികൾ അവസാനിപ്പിക്കാൻ കഴിയുമെങ്കിലും സർക്കാരിലേക്ക് ഈടാക്കേണ്ടതുകകൾ, കോൺട്രിബ്യൂട്ടറി ഉത്തരവ് പുറപ്പെടുവിച്ച് അതിന്മേൽ നടപടികൾ നടന്നുവരുന്ന കേസുകൾ, വസ്തു ജപ്തി ചെയ്ത കേസുകൾ, വായ്പാ തുക ഈടാക്കാനുള്ള കേസുകൾ, കോടതി സ്റ്റേ ചെയ്ത കേസുകൾ എന്നിവയിൽ നടപടികൾ നടന്നുവരുന്നവ 2 വർഷത്തിനകം തീർപ്പ് കൽപ്പിക്കാൻ കഴിയാത്ത കേസുകളിൽ നടപടികൾ ത്വരിതപ്പെടുത്തുകയും ലിക്വിഡേഷൻ നടപടികൾ ലഘൂകരിക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കും

---

**വകുപ്പ് 74(c)**

അപ്പെക്സ്, ഫെഡറൽ, സെൻട്രൽ സഹഃ സംഘങ്ങളുടെ പരിശോധനനടത്തുന്ന വ്യവസ്ഥ.

അപ്പെക്സ്, ഫെഡറൽ, സെൻട്രൽ സഹഃസംഘങ്ങളുടെ പരിശോധന രജിസ്ട്രാർ നടത്തിയ ശേഷം പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാർ/ സർക്കാരിലേക്ക് ആവശ്യമാണെങ്കിൽ, സംഘത്തിന്റെ പ്രവൃത്തനങ്ങൾ പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിലേക്ക് സമർപ്പിക്കണമെന്ന വ്യവസ്ഥ–കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് വ്യക്തമല്ല. സംഘം ബൈലോയിൽ വ്യവസ്ഥചെയ്തിട്ടുള്ള പ്രവൃത്തനങ്ങൾ നടത്താമെന്നിരിക്കെ ഇക്കാര്യത്തിൽ പ്രവൃത്തനങ്ങൾ പുനക്രമീകരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനും പരിമിതിയുണ്ട്.

---

**വകുപ്പ് 80 B(1)**

ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരേയും റിക്രൂട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട ഈ ആക്ടിലോ, അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ ബൈലോകളിലോ എന്ത് തന്നെ അടങ്ങിയിരുന്നാലും സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി എല്ലാ സഹകരണ സംഘങ്ങളിലും ബോർഡുകളിലും രജിസ്ട്രാരുടെ നിയന്ത്രണത്തിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിലേക്കുമുള്ള തസ്തികളിലേക്കുമുള്ള നേരിട്ടുള്ള പുതിയ നിയമനങ്ങൾക്കും വേണ്ടി എഴുത്തുപരീക്ഷ നടത്തുന്നതിനായി ഒരു സഹകരണസർവ്വീസ് പരീക്ഷ ബോർഡ് രൂപീകരിക്കേണ്ടതാണ്.

ടി വ്യവസ്ഥ പ്രകാരം എല്ലാ സഹഃസംഘങ്ങളിലേയും ജൂനിയർ ക്ലർക്കും അതിനു മുകളിലേയും തസ്തികളിലേക്കുള്ള നിയമനം സഹഃസർവ്വീസ് പരീക്ഷാ ബോർഡ് മുഖേന നടത്തണമെന്ന നിർദ്ദിഷ്ട ഭേദഗതി, മേഖലകൾക്ക് ഒട്ടും ഗുണകരമല്ല. പല വക സംഘങ്ങൾ, പട്ടികജാതി സഹഃ സംഘങ്ങൾ, അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണസംഘങ്ങൾ, കൺസ്യൂമർ സഹഃസംഘങ്ങൾ തുടങ്ങി ഒട്ടനവധി സഹകരണസംഘങ്ങളിൽ ഒന്നോ പരമാവധി രണ്ടു പേർ മാത്രമേ ജീവനക്കാരായി ഉണ്ടായിരിക്കുകയുള്ളൂ. അവർക്കാകട്ടെ ലഭിക്കുന്ന വേതനമാകട്ടെ തുച്ഛമായ തുകയും. ആയതുതന്നെ മേൽവിഭാഗത്തിൽപ്പെട്ട ഭൂരിഭാഗം സംഘങ്ങളിലും മൊത്തശമ്പള വ്യവസ്ഥയിലുമാണ്. ടെസ്റ്റ് നടത്തി ഇന്റർവ്യൂ മുഖേന നിയമിതനാകുന്ന വ്യക്തികൾ പലരും അന്യജില്ലാക്കാരായിരിക്കും. അത്തരക്കാർ തുച്ഛമായ തുക വേതനമുള്ള ജോലിക്ക് ചേരാതിരിക്കുകയും ജോലിക്ക് ചേർന്നാൽ തന്നെ മറ്റേതെങ്കിലും തസ്തികയിൽ നിയമനം ലഭിക്കുമ്പോൾ നിലവിലെ ജോലി ഉപേക്ഷിക്കുകയും തൽഫലമായി അത്തരം സംഘങ്ങളിൽ സ്ഥിരമായി ജീവനക്കാർ ഇല്ലാതെ വരുന്ന

KERALA SAHAKARANA FEDERATION
KERALA SAHAKARANA FEDERATION ★ THIRUVANANTHAPURAM-1 ★

അവസ്ഥ നിലവിലുണ്ട്. ആയതിനാൽ വായ്പാ സംഘങ്ങളിലും/ സർവ്വീസ് സഹകരണ ബാങ്കുകൾ/ അർബൻ ബാങ്കുകൾ തുടങ്ങിയവയിൽ സർവീസ് പരീക്ഷാബോർഡ് നിയമനം നിജപ്പെടുത്തുകയും ടി സംഘങ്ങളിലെ നിയമനത്തിന് തന്നെ ജില്ലാ അടിസ്ഥാനത്തിൽ ഗ്രേഡ്മാർക്ക് നൽകുകയും ചെയ്യുന്നതാണ് ഉചിതം.

പലവക സംഘങ്ങൾ, വനിതാ സംഘങ്ങൾ ഉൾപ്പെടെയുള്ള സംഘങ്ങളിലെ നിയമനം സർവ്വീസ് ബോർഡിന് വിടാതെ ഭരണസമിതിക്ക് വിട്ടുകൊടുക്കാവുന്നതാണെന്നും പ്രാദേശികമായി നടത്തുന്ന നിയമനങ്ങൾക്ക് മാത്രമെ ഇത്തരം സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിയുള്ളൂ എന്നും അഭിപ്രായപ്പെടുന്നു.

എന്ന്, വിശ്വസ്തതയോടെ,

**സി.എൻ. വിജയകൃഷ്ണൻ**
ചെയർമാൻ
ഫോൺ: 9961071111

KERALA SAHAKARANA FEDERATION THIRUVANANTHAPURAM-1